# കാലിക്കറ്റ് സർവ്വകലാശാല

## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്

## പത്രക്കുറിപ്പ്

### പി.എച്ച്.ഡി പ്രവേശനം 2025 – ചുരുക്കപ്പട്ടിക പ്രസിദ്ധീകരിച്ചു.

കാലിക്കറ്റ് സർവ്വകലാശാലയുടെ പി എച്ച് ഡി 2025 പ്രവേശനത്തോടനുബന്ധിച്ച് പ്രവേശന പരീക്ഷകളിൽ യോഗ്യത നേടിയവരുടെയും, പ്രവേശന പരീക്ഷ ആവശ്യമില്ലാത്ത വിഭാഗത്തിൽ പെട്ടവരുടെയും ചുരുക്കൾക്കപ്പട്ടികകൾ **https://admission.uoc.ac.in** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

### പി.എച്ച്.ഡി പ്രവേശനം 2025 – രണ്ടാം ഘട്ട നടപടിക്രമങ്ങൾ

കാലിക്കറ്റ് സർവ്വകലാശാലയുടെ പി.എച്ച്.ഡി 2025 പ്രവേശനത്തിന്റെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട് യോഗ്യത നേടിയവർ 07.03.2026 ന വൈകീട്ട് 5 മണിക്ക് മുമ്പായി, താൽപര്യമുള്ള റിസർച്ച് ഡിപ്പാർട്ട്മെന്റ്/സെന്ററുകളിൽ, വിജ്ഞാപനം ചെയ്ത ഒഴുവുകളിലേക്ക് പരിഗണിക്കപ്പെടുന്നതിനായി, റിപ്പോർട്ട് ചെയ്യേണ്ടതാണ്. ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾക്ക് അവരുടെ അപേക്ഷയിൽ നൽകിയിരിക്കുന്ന ഇ – മെയിൽ വിലാസത്തിൽ നിന്നും ഗവേഷണ ഡയറക്ടറേറ്റിന്റെ വെബ്സൈറ്റിൽ (www.dor@uoc.ac.in) ലഭ്യമായ ഗവേഷണ കേന്ദ്രങ്ങളുടെ ഇമെയിൽ വിലാസത്തിലേക്ക്, ഓൺലൈനായും റിപ്പോർട്ട് ചെയ്യാവുന്നതാണ്.

അതത് റിസർച്ച് ഡിപ്പാർട്ട്മെന്റ്/സെന്ററുകൾ, രണ്ടാം ഘട്ട പ്രവേശന ഷെഡ്യൂൾ അനുസരിച്ച് റിപ്പോർട്ട് ചെയ്യുന്ന വിദ്യാർത്ഥികളുടെ, അഭിമുഖം / വൈവ വോസ് നിലവിലുള്ള സർവകലാശാലാ ഗവേഷണ റെഗുലേഷൻ പ്രകാരം നടത്തി പൂർത്തീകരിക്കുന്നതും, ശേഷം, തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികളുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതുമായിരിക്കും. ഇത്തരത്തിൽ തിരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക്, വിജ്ഞാപനത്തിൽ പറഞ്ഞ ഒഴിവുകൾ പ്രകാരം, റിസർച്ച് ഡിപ്പാർട്ട്മെന്റ് / സെന്ററുകളിൽ പ്രവേശനം നേടാനുള്ള അവസരം ഉണ്ടായിരിക്കുന്നതാണ്.

റിസർച്ച് ഡിപ്പാർട്ട്മെന്റ്/സെന്ററുകൾ പ്രസിദ്ധീകരിക്കുന്ന റാങ്ക് ലിസ്റ്റുകളുടെ കാലാവധി 31.03.2026 ന് വൈകീട്ട് 5 മണിക്ക് അവസാനിക്കും. കാലാവധി അവസാനിച്ച റാങ്ക് ലിസ്റ്റിൽ നിന്ന് പിന്നീട് പ്രവേശനം അനുവദിക്കുന്നതുമല്ല.

പി.എച്ച്.ഡി 2025 രണ്ടാം ഘട്ട പ്രവേശന നടപടികൾ സംബന്ധിച്ച വിശദമായ ഷെഡ്യൂളിനായി, admission.uoc.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

ക യു കാമ്പസ്
02.03.2026

**(ഒപ്പ്)**
**ഡയറക്ടർ**